ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 191 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതിനാൽ 69 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ 34 പ്രവൃത്തികൾ നിശ്ചിത സമയത്തു തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കോർപ്പറേഷൻ ഏറ്റെടുക്കുന്ന പ്രവൃത്തികൾ, കമ്പനിയുടെ അംഗീകൃത പാനലിൽപ്പെട്ട കരാറുകാർക്ക് നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി സബ് കോൺട്രാക്ട് നൽകാറുണ്ട്. ഇപ്രകാരം ഉപകരാർ നൽകുന്ന പ്രവൃത്തികളുടെ കിഴിവുകൾക്ക് ശേഷമുള്ള നെറ്റ് ബിൽ തുകയുടെ 5% ലാഭവിഹിതം കമ്പനിക്ക് നൽകണമെന്നുള്ള പ്രത്യേക നിബന്ധനയോടെ ആയതുകൊണ്ട് ഈ ഉപകരാർ വഴി സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നില്ല.

(ഡി) 2013-14 ലെ കോർപ്പറേഷന്റെ പ്രൊവിഷണൽ കണക്കുകൾ പ്രകാരം ഇൻകംടാക്സിനുമുൻപ് 11.28 കോടി രൂപ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്.

(ഇ&എഫ്) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പുനലൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

246 (1290) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുനലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ. നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നാളിതുവരെ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും ലഭിച്ച പ്രവൃത്തികളിന്മേൽ ഇതുവരെ സ്വീകരിക്കപ്പെട്ട നടപടികൾ എന്താണെന്നും ബിൽഡിംഗ്സ് റോഡ്സ് വിഭാഗങ്ങൾ വേർതിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

പുനലൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നാളിതുവരെ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും ലഭിച്ച പ്രവൃത്തികളിൻ മേൽ ഇതുവരെ സ്വീകരിക്കപ്പെട്ട നടപടികൾ അനുബന്ധം I-ഉം II-ഉം ആയി ഇതോടൊപ്പം വച്ചിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly